**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2189** **17.06.2014 ലെ മറുപടിയ്ക്ക്**

**കെ.എസ്. എഫ്. ഇ. ചട്ടങ്ങളിൽ ഇളവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ.എസ്. സലീഖ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ ബ്ലേഡ് കമ്പനി പോലെ പ്രവർത്തിക്കുന്നതു മൂലം പൊതുജനങ്ങൾ ചിട്ടികൾക്കും, ലോൺ സമ്പാദനത്തിനും സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കെ. എസ്.എഫ്.ഇ.-യുടെ പ്രവർത്തനം മൂലം പൊതുജനങ്ങൾ ചിട്ടികൾക്കും, ലോൺ സമ്പാദനത്തിനും സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളെ ആശ്രയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.എഫ്.ഇ ബ്ലേഡ് കമ്പനി പോലെ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. കേന്ദ്ര ചിട്ടി നിയമം 1982 ലെ എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിച്ചു കൊണ്ടാണ് കെ.എസ്.എഫ്.ഇ ചിട്ടി നടത്തുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് പഠനം നടത്താൻ ധന വകുപ്പ് തയ്യാറാകുമോ; വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച പഠനം പരിഗണന യിലില്ല. |
| (സി) | കെ.എസ്.എഫ്.ഇ യുടെ ചൂഷണത്തിൽ നിന്നും രക്ഷ തേടി 2013-14 സാമ്പത്തിക വർഷം എത്ര പരാതിക്കാർ സംസ്ഥാനത്തെ വിവിധ കോടതികളെ സമീപിച്ചിട്ടുണ്ട്; എത്ര കേസ്സുകളിൽ കെ.എസ്.എഫ്.ഇ പ്രതിയായിട്ടുണ്ട്; ഏതെങ്കിലും കേസ്സുകളിൽ കോടതി വിധി വന്നിട്ടുണ്ടോ; കോടതി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (സി) | റവന്യൂ റിക്കവറി നടപടികൾ ക്കെതിരെയും, ചിട്ടിപ്പണം ലഭിച്ചില്ലെന്നും, അടച്ച വരിസംഖ്യ തിരികെ ലഭിക്കണമെന്നും, ചിട്ടിപ്പണം വൈകിയതിന് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ടും 2013-14 സാമ്പത്തിക വർഷം ബഹു. ഹൈക്കോടതി, ലോക് ആയുക്ത, മുൻസിഫ് കോടതി, ഉപഭോകൃത തർക്ക പരിഹാര ഫോറം എന്നിവ മുമ്പാകെ |

കെ.എസ്.എഫ്.ഇ പ്രതിയായി 245 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. അവയിൽ 121 കേസുകൾ തീർപ്പായിട്ടുണ്ട്. മിക്ക റവന്യൂ റിക്കവറി കേസുകളിലും ഗഡുക്കൾ അനുവദിച്ചു കൊണ്ടാണ് വിധി വന്നിട്ടുള്ളത്. മതിയായ ജാമ്യം സ്വീകരിച്ച് ചിട്ടിപ്പണം നൽകാൻ 5 കേസ്സുകളിലും, ചിട്ടിപ്പണം നൽകാൻ വൈകിയതിന് നഷ്ട പരിഹാരം നൽകാൻ ഒരു കേസിലും വിധിയായിട്ടുണ്ട്.

(ഡി) ഉപഭോക്താക്കളിൽ നിന്നും മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ലയെന്ന കോടതി വിധി കെ.എസ്.എഫ്.ഇ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സഹകരണ വകുപ്പിൽ പ്രസ്തുത വിധി പാലിച്ച് നടപടി ക്രമങ്ങൾ നടത്തുന്നതു പോലെ കെ.എസ്.എഫ്.ഇ യുടെ കാര്യത്തിലും കൊണ്ടു വരുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കെ.എസ്.എഫ്.ഇ ഉപഭോക്താക്കളിൽ നിന്നും മുതലിനേക്കാൾ കൂടുതൽ പലിശയായി ഈടാക്കുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ഇതിനായി കെ.എസ്.എഫ്.ഇ യുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ധന വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

(ഇ) (എഫ്) & (ജി) കെ.എസ്.എഫ്.ഇ യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്ന സമ്പ്രദായം ഇല്ല. എന്നാൽ ദീർഘകാല വായ്പയായി (15 വർഷം വരെ) അനുവദിച്ചു വരുന്ന ഭവന വായ്പയിൽ മുതലിനേക്കാൾ പലിശ വരുന്നത് സ്വാഭാവികമാണ്.

വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ള അക്കൗണ്ടുകളിൽ **"ഒറ്റത്തവണ തീർപ്പാക്കൽ"** പദ്ധതി പ്രകാരം അത്തരത്തിൽ വരുന്ന പലിശ ലഘൂകരിച്ച് കൊടുക്കാറുണ്ട്. ഇക്കാര്യത്തിൽ നിലവിൽ ചട്ട ഭേദഗതി പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ